

# മധുരിക്കും മലയാളം

അനിൽകുമാർ.കെ
എം പി എസ് ജി വി എച്ച് എസ് എസ്
വെള്ളിക്കോത്ത്,കാഞ്ഞങ്ങാട്

## മലയാളം ഒന്നാം പേപ്പർ

എസ് എസ് എൽ സി പരീക്ഷയിലെ ആദ്യപരീക്ഷയാണ് മലയാളം. കൂടുതൽ ആത്മവിശ്വാസത്തോടെ ആദ്യ പരീക്ഷ എഴുതാൻ കഴിയണം . കൃത്യമായ ആസൂത്രണം അനിവാര്യമാണ്.ആകെ അഞ്ചു യൂണിറ്റുകൾ ,പതിനാലു പാഠങ്ങൾ. വൈവിധ്യമാർന്ന രചനകളാൽ സമ്പന്നമാണ് മലയാളം ഒന്നാം ഭാഷ.ഈ വ്യത്യസ്തതയും സമ്പന്നതയും ഉത്തരങ്ങളിൽ തെളിയണം.ഓരോ ആവിഷ്കാരങ്ങളും ഓരോ അനുഭൂതികളാകണം.വീഡിയോക്ലാസ്സുകൾ,ക്ലാസ്സ്മുറിയിൽ നിന്നു ലഭിച്ച പഠനാനുഭവങ്ങൾ,ഓൺലൈൻ ക്ലാസ്സുകൾ,നിങ്ങളുടെ നിരീക്ഷണങ്ങൾ,കാഴ്ചപ്പാടുകൾ,വിമർശനാത്മക ചിന്തകൾ,സർഗശേഷികൾ ,കാലികമായ വിഷയങ്ങളിലെ നിലപാടുകൾ എന്നിങ്ങനെ സമഗ്രമായി ലഭിച്ച അറിവുകൾ ഉത്തരങ്ങളിൽ നിറയണം.

ആകെയുള്ള പതിനാലുപാഠഭാഗങ്ങളിൽ എട്ട് പാഠങ്ങളാണ് ഫോക്കസ് ഏരിയ(എ- വിഭാഗം)യിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ബാക്കിയുള്ള ആറ് പാഠങ്ങൾ നോൺ ഫോക്കസ് ഏരിയ(ബി- വിഭാഗം)യിലും. ഈ വർഷം എല്ലാ വിഭാഗത്തിൽ നിന്നും ചോദ്യങ്ങൾ പ്രതീക്ഷിക്കാം.ഒന്നര മണിക്കൂറിനുള്ളിൽ 40 മാർക്കിന്റെ പരീക്ഷയാണ് എഴുതേണ്ടത്. സമാശ്വാസ സമയം ചോദ്യങ്ങൾ വായിച്ച് ഉത്തരം രൂപപ്പെടുത്താനുള്ളതാണ്. സ്കോറിനനുസരിച്ച് ഉത്തരങ്ങൾ എഴുതി പരിശീലിക്കണം. ആലോചിച്ചിരുന്നും ഉത്തരങ്ങൾ വാരിവലിച്ചെഴുതിയും സമയം കളയരുത്.ആത്മസംഘർഷങ്ങൾ ഒഴിവാക്കണം.ഇതിന് വായനയും ആസൂത്രണവും അനിവാര്യമാണ്.എങ്കിൽ മലയാളം മധുരിക്കും.

## ഫോക്കസ് ഏരിയ(എ- വിഭാഗം)

| യൂണിററ് | പാഠഭാഗങ്ങൾ | | സാഹിത്യ വിഭാഗം | കർത്താവ് |
|---|---|---|---|---|
| കാലാതീതം കാവ്യവിസ്മയം | 1 | ലക്ഷ്മണസാന്ത്വനം | കവിത | എഴുത്തച്ഛൻ |
| | 2 | ഋതുയോഗം | നാടകം | കാളിദാസൻ |
| | 3 | പാവങ്ങൾ | നോവൽ | വിക്ടർഹ്യൂഗോ |
| അനുഭൂതികൾ ആവിഷ്കാരങ്ങൾ | 1 | വിശ്വരൂപം | കഥ | ലളിതാംബിക അന്തർജ്ജനം |
| | 2 | പ്രിയദർശനം | കവിത | എൻ കുമാരനാശാൻ |
| | 3 | കടൽത്തീരത്ത് | കഥ | ഒ വി വിജയൻ |
| സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ | 1 | പ്രലോഭനം | ആട്ടക്കഥ | ഉണ്ണായിവാര്യർ |
| | 2 | യുദ്ധത്തിന്റെ പരിണാമം | ലേഖനം/പഠനം | കുട്ടിക്കൃഷ്ണമാരാർ |

## നോൺ ഫോക്കസ് ഏരിയ(ബി- വിഭാഗം)

| യൂണിററ് | പാഠഭാഗങ്ങൾ | | സാഹിത്യ വിഭാഗം | കർത്താവ് |
|---|---|---|---|---|
| സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ | 3 | ആത്മാവിന്റെ വെളിപാടുകൾ | നോവൽ | പെരുമ്പടവം ശ്രീധരൻ |
| വാക്കുകൾ സർഗതാളങ്ങൾ | 1 | അക്കർമാശി | ആത്മകഥ | ശരൺകുമാർ ലിംബാളെ |
| | 2 | ഞാൻ കഥാകാരനായ കഥ | അനുഭവക്കുറിപ്പ് | എസ്.കെ പൊററക്കാട് |
| | 3 | അശ്വമേധം | കവിത | വയലാർ രാമവർമ്മ |
| കലകൾ കാവ്യങ്ങൾ | 1 | ഉരുളക്കിഴങ്ങു തിന്നുന്നവർ | കഥ | സുഭാഷ് ചന്ദ്രൻ |
| | 2 | മൈക്കലാഞ്ചലോ മാപ്പ് | കവിത | ഒ എൻ വി കുറുപ്പ് |

ഒരോയൂണിറ്റിനെയും സമഗ്രമായികാണണം.
യൂണിറ്റിലെ പ്രവേശകത്തിന് ഈ സമഗ്രതാ സ്വഭാവം പ്രകടമാണ്.
ഇത് യൂണിറ്റിലേക്ക് കടക്കാനുള്ള താക്കോൽ തന്നെ.
ഒരോയൂണിറ്റിനും ഓരോലക്ഷ്യമുണ്ട്.
ആത്യന്തികമായി ജീവിത പഠനംതന്നെയാണ് ഭാഷാപഠനം.

# 1.കാവ്യങ്ങൾ കാലാതീതമാണ്....

കാലത്തിന് അതീതമാണ് സാഹിത്യം.
പ്രസിദ്ധരചനകൾ കാലദേശങ്ങൾക്കതീതമായി നിലകൊള്ളും.

<u>പ്രവേശകം</u>

മനുഷ്യചേതനയെ നിരായുധമാക്കുന്ന മഹാദു:ഖങ്ങളെ ശമിപ്പിക്കുവാൻ
കവിതയുടെ സ്നേഹാക്ഷരങ്ങൾ കവികൾ ചേർത്തുവെക്കുന്നു.

കാവ്യങ്ങളുടെ സാർവ്വജനീനത ബോധ്യപ്പെടുത്തുന്ന
കവി സച്ചിദാനന്ദന്റെ കവിതാഭാഗം

കവികൾക്ക്
ലോകത്തെല്ലായിടത്തും
<u>ഒരുഭാഷയേയുള്ളൂ</u>

സ്നേഹത്തിന്റെ
നൻമയുടെ
കരുതലിന്റെ
വൈകാരിക ഭാഷ.

## 1.ലക്ഷ്മണസാന്ത്വനം

എഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ടിലെ അയോധ്യാകാണ്ഡത്തിലെ ഏതാനും ഭാഗമാണ് പാഠഭാഗം-ലക്ഷ്മണസാന്ത്വനം.
ക്രോധംകൊണ്ട് ജ്വലിച്ച ലക്ഷ്മണനെ സാന്ത്വനിപ്പിക്കുന്നതാണ് സന്ദർഭം.
എഴുത്തച്ഛൻ മനശ്ശാസ്ത്രപരമായ സമീപനത്തിലൂടെയാണ് കവിത ആരംഭിക്കുന്നത്
വത്സ!സൗമിത്രേ!കുമാര!-എന്ന സംബോധനയിലൂടെ
നിത്യപരിചിതങ്ങളായ വസ്തുക്കൾ ഉദാഹരിച്ചാണ് എഴുത്തച്ഛൻ ശ്രീരാമനിലൂടെ പ്രപഞ്ചസത്യം ബോധ്യപ്പെടുത്തുന്നു

**മർത്ത്യജൻമം ക്ഷണഭംഗുരം**

- കാലമാകുന്ന അഹി(പാമ്പ്) ലോകത്തെ വിഴുങ്ങുമ്പോഴും
  പാമ്പിൻ വായിലകപ്പെട്ട തവള ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ മനുഷ്യൻ സുഖങ്ങൾ തേടിപ്പോകുന്നു
- സുഖഭോഗങ്ങൾ മിന്നൽ പിണരുപോലെ
- ചുട്ടുപഴുത്ത ലോഹത്തിൽ പതിക്കുന്ന വെള്ളത്തുള്ളിപോലെ
- വഴിയമ്പലങ്ങളിലെ യാത്രക്കാരെപ്പോലെ
- നദിയിലൂടെയൊഴുകുന്ന വിറകിൻ കഷണം പോലെ.

### ക്രോധം പരിത്യജിക്കേണം

- ഷഡ് വികാരങ്ങളായ കാമം ,ക്രോധം,ലോഭം,മോഹം,മദം,മാത്സര്യം ഒഴിവാക്കണം.
- മോഹങ്ങളകറ്റാൻ ജ്ഞാനം സിദ്ധിക്കണം.ജ്ഞാനം നേടുമ്പോൾ സത്യം തിരിച്ചറിയും.
- അധർമം ഉപേക്ഷിക്കണം.
- ക്രോധം വിനകൾ വരുത്തിവെക്കും .അത് ഉപേക്ഷിക്കണം .

**ചോദ്യ സാധ്യതകൾ**

- ലക്ഷ്മണസാന്ത്വനത്തിന്റെ സമകാലിക പ്രസക്തി
- എഴുത്തച്ഛന്റെ ജീവിത ദർശനം - പ്രസംഗം,ഉപന്യാസം,എഡിറ്റോറിയൽ
- എഴുത്തച്ഛന്റെ തത്ത്വചിന്ത ,ഭാഷാപ്രയോഗം,അലങ്കാര കല്പനകൾ.
- കാവ്യസൗന്ദര്യം -ശബ്ദസൗന്ദര്യം,(അക്ഷരപ്രാസം-ദ്വിതീയാക്ഷരം,അനുപ്രാസം- വ്യഞ്ജനാക്ഷരങ്ങളുടെ ആവർത്തനം) അർത്ഥസൗന്ദര്യം

## 2.ഋതുയോഗം

കാളിദാസന്റെ ഭാവന ഏററവും തെളിഞ്ഞു പ്രകാശിക്കുന്ന നാടകമാണ് അഭിജ്ഞാനശാകുന്തളം. 'അഭിജ്ഞാനം'- എന്നാൽ അടയാളം.അടയാളം മോതിരംതന്നെ -'വൈഷമ്യക്കാരൻ'- എന്ന് ശകുന്തള തന്നെ പറയുന്ന സന്ദർഭം പാഠഭാഗത്തുണ്ട്. ഒട്ടേറെ വിവർത്തനങ്ങൾ ഈ കൃതിക്കുണ്ടായിട്ടുണ്ട്.'മലയാളശാകുന്തളം'- എന്ന പേരിൽ ഏ ആർ രാജരാജവർമ്മ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത കൃതിയിലെ ഏതാനും ഭാഗമാണ് പാഠസന്ദർഭം.

**ശീർഷകത്തിന്റെ ഔചിത്യം**

ഋതുക്കളിൽവെച്ച് ശ്രേഷ്ഠമാണ് വസന്തം. വസന്തകാലം തന്നെയാണ് 'ഋതു' എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്.ശകുന്തളയുടെയും ദുഷ്ഷ്യന്തന്റെയും പുന:സമാഗമമാണ് ഋതുയോഗം. ശാകുന്തളത്തിൽ കാളിദാസന്റെ പ്രകൃതിവർണന ഏറെ പ്രസിദ്ധമാണ്. ആശ്രമത്തിന്റെ അഴകും പരിശുദ്ധിയും പാഠഭാഗത്ത് തെളിഞ്ഞുകാണുന്നു.

**നാടകീയ മുഹൂർത്തങ്ങൾ**

- സിംഹത്തിന്റെ കഴുത്തിലെ രോമങ്ങൾ പിടിച്ചുവലിക്കുന്ന സർവദമനൻ (എല്ലാറ്റിനെയും അടക്കി നിർത്തുന്നവൻ).
- കുസൃതിക്കാരനായ ബാലൻ.
- ശകുന്തപ്പക്ഷികളുമായി പ്രവേശിക്കുന്ന താപസി.
- സർവദമനന്റെ രക്ഷ വീഴുന്നു .രാജാവ് എടുക്കുന്നു.
- ശകുന്തളയോട് അപേക്ഷിക്കുന്ന രാജാവ്.

**കാളിദാസന്റെ ഭാവന–**

| **പ്രയോഗങ്ങൾ** | **സവിശേഷാർത്ഥം** |
|---|---|
| വിരൽനിര......വിടരുമൊരു തണ്ടാർമലരുപോലെ | സർവ്വദമനന്റെ ഇളം കൈ പ്രഭാതത്തിൽ വിരിയുന്ന താമരപ്പൂവിനോട് സാദൃശ്യപ്പെടുത്തുന്നു |
| എരിയാൻ വിറകിന്നുകാത്തുനിൽക്കുന്ന തീപ്പൊരി | സർവ്വദമനൻ വലിയൊരു തേജസ്സിന്റെ വിത്താണ് |
| ചെറുപാമ്പ് ചന്ദനമരത്തിനെന്നപോലെ | ആശ്രമ വിരുദ്ധമായ കാര്യങ്ങൾ ചെയ്ത് കളങ്കമുണ്ടാക്കുന്ന സർവദമനൻ |
| രാഹുവിനെ ഉപേക്ഷിച്ച ചന്ദ്രൻ രോഹിണിയോടു ചേർന്നപോലെ | ശാപശക്തികൊണ്ട് ശകുന്തളയെ മറന്ന ദുഷ്ഷ്യന്തൻ, ശാപമോക്ഷം മുലമുണ്ടായ തിരിച്ചറിവ് |

**ചോദ്യ സാധ്യതകൾ**

- ചമൽക്കാര ഭംഗി കണ്ടെത്തുക
- സന്ദർഭം വിശകലനം ചെയ്യുക

“........................ഇമയ്ക്കുള്ളിൽ നിന്നേ തുടച്ചി-
ട്ടന്തസ്താപം സുമുഖി,ദയിതേ! ഞാനാററിടട്ടേ.”

(അന്ന് മനസ്സിലെ അജ്ഞതകൊണ്ട് ഗർഭിണിയായ ശകുന്തളയുടെ അധരങ്ങളിൽ പതിഞ്ഞ ചുടു കണ്ണീർ തുടക്കാൻ തനിക്കു കഴിഞ്ഞില്ല.ഇന്ന് മനോഹരമായ ഇമകളിൽ പററിനിൽക്കുന്ന കണ്ണീർ തുടച്ച് മനസ്സിന്റെ ദു;ഖം കുറയ്ക്കട്ടെ.)

- കഥാപാത്ര സ്വഭാവം കണ്ടെത്തുക-സർവദമനൻ
- ശകുന്തലാസ്യം -എന്ന പദത്തിന്റെ അർത്ഥസാധ്യത കണ്ടെത്തുക.
  (ശകുന്തത്തിന്റെ നൃത്തം,ശകുന്തളയുടെ ആസ്യം അഥവാ മുഖം)
- വിഗ്രഹാർത്ഥം-രണ്ടുവാക്യങ്ങളാക്കൽ-ഒററവാക്യമാക്കൽ തുടങ്ങിയവ.

## 3.പാവങ്ങൾ

എല്ലാകാലത്തും പാവങ്ങളായി ജീവിച്ചു മരിച്ചു പോകുന്ന എല്ലാവരുടെയും കഥയാണ് വിക്ടർഹ്യൂഗോയുടെ **പാവങ്ങൾ.**ഇത് ഴാങ്വാൽഴാങ് എന്ന തടവു പുള്ളിയുടെ മാത്രം ജീവിതമല്ല. അജ്ഞതയും ദാരിദ്ര്യവും വിശപ്പും ചൂഷണവും നിലനിൽക്കുന്ന കാലത്തോളം ഈ കൃതിക്കു പ്രസക്തിയു ണ്ട്.കാലാതീതം തന്നെയാണ് പാവങ്ങൾ.മനുഷ്യസ്നേഹിയായ ഹ്യൂഗോയുടെ പാവങ്ങൾ ഒരു ഗ്രന്ഥമല്ല ഗ്രന്ഥശാല തന്നെയാണ്.

**കഥാപാത്രങ്ങൾ**–ഴാങ്വാൽഴാങ്,മെത്രാൻ,മദാം മഗ്ലാർ(പരിചാരിക),മദ്മാസെൽ ബാപ്സ്തിസ്തീൻ (മെത്രാന്റെ സഹോദരി)

**സവിശേഷസന്ദർഭംകണ്ടെത്തുക**

- അകത്തുകടക്കാൻ നോക്കുന്ന പൂച്ചയടെ കളവുള്ളതും .........പതുക്കെ അയാൾ വാതിൽ ഉന്തി.
  -മെത്രാന്റെ ആതിഥ്യം സ്വീകരിച്ച ഴാങ് വാൽ ഴാങ് പാതിരാത്രിയിൽ വെള്ളിപ്പാത്രങ്ങൾ മോഷ്ടിക്കുന്നു.
  -മോഷണത്തെ പൂച്ചയുടെ കളവുള്ളപ്രവൃത്തിയോട് സാദൃശ്യപ്പെടുത്തുന്നു.
  -മോഷണത്തിനൊരുങ്ങുന്നവന്റെ സൂക്ഷ്മതയും ആത്മസംഘർഷവും
  -അഭയം നൽകിയവരോടുള്ള നന്ദികേട്.
- തിരികുറ്റിയുടെ കരച്ചിലൊച്ച അയാളുടെ ചെകിട്ടിലലച്ചു.
  -ആ വാതിൽ തിരികുറ്റി പെട്ടെന്ന് ജീവൻ പൂണ്ടതായും,ഒരു നായയുടെ കുരപോലെ ഉറങ്ങിക്കിടക്കുന്നവരെയെല്ലാം എഴുന്നേൽപ്പിക്കുന്നതായും അയാൾക്കു തോന്നി.
  - അഭയം നൽകിയവരോടുള്ള വഞ്ചനയാണെന്ന തിരിച്ചറിവ്
  -നൻമയിലെക്കുള്ള ജീവിത മാററത്തിന്റെ സംഗീതം.
- ഉപ്പുകൊണ്ടുള്ളപ്രതിമ പോലെ അയാൾ നിന്നേടത്തു തന്നെ മിഴിച്ചുകൊണ്ട് നിന്നു.
  -ഉപ്പുപോലെ താനും അലിഞ്ഞില്ലാതാവും
  -ഇരുട്ടിൽ കാണാവുന്ന വെളുത്ത രൂപം
  -ഴാങ് വാൽ ഴാങിന്റെ നിശ്ചലാവസ്ഥ.
- ഞാൻ ആവെള്ളിസാമാനം വളരെക്കാലം സൂക്ഷിച്ചുപോന്നത് ഒരിക്കലും ശരിയായിട്ടില്ല. അത് പാവങ്ങളുടേതാണ്.
  -ആരും ഒന്നിന്റെയും ശാശ്വതമായ ഉടമസ്ഥരല്ല.
  -ദൈവത്തിന്റെ വസ്തുവകകൾ എല്ലാവർക്കും ഒരുപോലെയാണ്.
  -മെത്രാന്റെ മാനവികത.

**ചോദ്യസാധ്യതകൾ**

- കഥാപാത്രനിരൂപണം-മോൺസിന്യേർ/മെത്രാൻ
  മനുഷ്യ സ്നേഹി,നൻമയുടെപ്രതീകം,സ്നേഹവും കരുണയും ഭയരഹിതവും ലാളിത്യ പൂർണവുമായ ജീവിതം,മാനവികത,സമത്വം സാഹോദര്യം
- ഉപന്യാസം -മാനവികതയുംപുതുതലമുറയും

# 2.അനുഭൂതികൾ ആവിഷ്കാരങ്ങൾ

അനുഭവങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും സ്വാംശീകരിച്ചെടുത്ത് വൈവിധ്യമാർന്ന രീതിയിൽ ആവിഷ്കരിക്കുന്ന സാഹിത്യത്തിന് പുതിയ മാനങ്ങൾ കൈവരുന്നു. സ്നേഹബന്ധത്തിന്റെ വ്യത്യസ്ത തലങ്ങൾ ആവിഷ്കരിച്ച മൂന്നു രചനകളാണ് ഈ യൂണിററിലുള്ളത്.

**പ്രവേശകം**

അൻപ് - ദയ,നൺപ്-സൗഹൃദം

അന്യരോടു കാണിക്കുന്ന ദയ ,സൗഹൃദങ്ങൾക്ക് വഴി തുറക്കും.തമിഴ് സാഹിത്യത്തിലെ പ്രാചീന കവി തിരുവള്ളുവരുടെ തിരുക്കുറൽ എന്ന കൃതിയിലെ വരികളാണ് പ്രവേശകം.

## 1.വിശ്വരൂപം

"എന്തൊരുയർച്ചയായിരുന്നു അത്.എന്തൊരഭിമാനമായിരുന്നു!അമ്മേ!ഭവതി ഭാഗ്യവതിയാണ്. അവസാനമായെങ്കിലും സ്ത്രീയുടെ ഈ വിശ്വരൂപം ദർശിക്കാനായല്ലോ."-ലളിതാംബിക അന്തർജനത്തിന്റെ കഥ അവസാനിക്കുന്നത് ഇങ്ങനെയാണ്.

-സ്ത്രീയുടെ വിശ്വരൂപത്തിന്റെ മഹത്വം വെളിപ്പെടുത്തുന്ന കഥ

-മാഡം തലത്തിൽ നിന്നും താഴത്ത് കുഞ്ഞിക്കുട്ടിയമ്മയിലേക്കുള്ള വളർച്ചയാണ് കഥയുടെ പ്രമേയം

-ശീർഷകത്തിന്റെ ഔചിത്യം -യഥാർത്ഥ അമ്മ തന്നെയാണ് ഈ വിശ്വരൂപം.

**മാഡംതലത്ത്**

- ചക്രവർത്തിനിയുടെ ജൻമമാണവൾക്ക് .ആരുടെ മുന്നിലും തല കുനിക്കില്ല.
- ഔപചാരികമായി ചിട്ടപ്പെടുത്താനോ ചിരിക്കാനോ കരയാനോ അവർക്കു കഴിഞ്ഞില്ല.
- കുട്ടികളെ പ്രസവിച്ചുവെന്നുമാത്രം .മുല കൊടുത്തിട്ടില്ല.താരാട്ടുപാടിയിട്ടില്ല.അലങ്കരിച്ച ബൊമ്മകളെപ്പോലെ ഇടയ്ക്ക് ഉമ്മവെക്കാൻ മാത്രം അടുത്തു വരും.
- സ്വീകരണമുറിയിലും ക്ലബ്ബിലുംനാടകശാലയിലും പറന്നു നടക്കുന്ന ഉൻമേഷഭരിതയായ ലേഡി.
- കാലത്തിനും ദേശത്തിനുമൊത്ത് ജീവിതം സ്വയം രൂപപ്പെട്ടു.
- പൗരസ്ത്യ സംസ്കാരം മറന്ന സ്ത്രീ-അച്ഛനമ്മമാരെ ദൈവത്തെപ്പോലെ വിചാരിച്ചിട്ടില്ല.

**താഴത്ത് കുഞ്ഞിക്കുട്ടിയമ്മ**

- മാഡം തലത്ത് മരിച്ചുപോയി .ഇത് അമ്മയാണ്.
- സുധീറിനിന്ന് രൂപം കൊണ്ട് തിരിച്ചറിയാൻ കഴിഞ്ഞില്ല .
- ഓർമ്മകൾ മാത്രമാണ് വാർദ്ധക്യത്തിന് അവകാശപ്പെടാനുള്ളത്.
- സ്ത്രീയുടെ വിശ്വരൂപം

**ചോദ്യസാധ്യതകൾ**

-കഥാപാത്ര നിരൂപണം തയ്യാറാക്കക-മിസിസ് തലത്ത്

-മിസിസ് തലത്തിന്റെ ഉപദേശത്തിന്റെ സമകാലിക പ്രസക്തി

-ശീർഷകത്തിന്റെ ഔചിത്യം

**സന്ദർഭം കണ്ടെത്തുക.**

-ഭാരതസ്ത്രീകൾ എത്രഭാഗ്യമുള്ളവരാണ്. അവർ കൊടുക്കുവാൻ മാത്രമേ പഠിച്ചിരുന്നുള്ളൂ.

-ഞാൻ ഇന്ത്യയിൽ ജനിക്കാനാഗ്രഹിക്കുന്ന മാഡം.ഇന്ത്യ എത്ര നല്ല നാടാണ്.

-കുട്ടികളെ ബോർഡിങ്ങുകളിൽ അയക്കരുത്.അവർക്ക് ആയയെ വയ്ക്കരുത് .അമ്മതന്നെ വളർത്തണം

**അനുപ്രയോഗം**-ഒരു ക്രിയയുടെ അർത്ഥത്തെ പരിഷ്ക്കരിക്കുന്നതിന് അതിനു പിന്നാലെ ചേർക്കുന്നക്രിയ.

-അയാൾ പോയി

-അയാൾ ഓർത്തു പോയി

ഒന്നാമത്തേതിൽ ക്രിയ -കേവലമായ അർത്ഥം (യാത്രയായി)തരുന്നു

രണ്ടാമത്തേത് അനുപ്രയോഗം -ഓർത്തു എന്ന ക്രിയയെ പരിഷ്കരിക്കുന്നു.

# 2.പ്രിയദർശനം

എൻ കുമാരനാശാന്റെ ഖണ്ഡകാവ്യമാണ് നളിനി.കളിക്കൂട്ടുകാരായിരുന്നു നളിനിയും ദിവാകരനും .വർഷങ്ങൾക്കുശേഷം സന്യാസിയായി കഴിയുന്ന ദിവാകരനെ നളിനി കണ്ടുമുട്ടുന്നതാണ് പാഠസന്ദർഭം.പ്രിയദർശനം എന്നശീർഷകത്തിൽ തന്നെ കാണാനുള്ള ആഗ്രഹം പ്രകടമാണ്. 'ഭവാനു പണ്ടിഷ്ടയായ' 'നളിനി'യാണ് എന്ന് പരിചയപ്പെടുത്തുന്നതിലെ ഇഷ്ടവും (പ്രിയം) ,'കാണുവാൻ ചിരമഹോ കൊതിച്ചു ഞാൻ 'എന്നതിലെ കൊതിയും ദർശന സായൂജ്യം കൊണ്ടു പറഞ്ഞു പോയതാണ്.

ശബ്ദഭംഗികൊണ്ടും(ദ്വിതീയാക്ഷരപ്രാസം ,അനുപ്രാസം ) അർത്ഥഭംഗികൊണ്ടും കവിത പ്രിയതരം തന്നെ.

**സൗന്ദര്യതലം**

ഭാവശാലികൾ പിരിഞ്ഞു കൂടിയാ-
ലീവിധം വികലമാം സുഖോദയം.

ഭാവശാലികൾ (സ്നേഹമുള്ളവർ ).വർഷങ്ങൾക്കുശേഷം കണ്ടുമുട്ടുമ്പോൾ
ഉണ്ടാകുന്ന സുഖം വികലമാണ്.

'ധീരനായ യതിനോക്കി തന്വിതൻ
ഭൂരിബാഷ്പ പരിപാടലം മുഖം;
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർ സുമോപമം.'

പ്രഭാതത്തിലെ സൂര്യസാന്നിദ്ധ്യംകൊണ്ട് പനിനീർപ്പൂവ് വികസിക്കുന്നതുപോലെ സുന്ദരിയായ നളിനിയുടെ മുഖം ദിവാകര സാന്നിദ്ധ്യത്താൽ പ്രസന്നമാകുന്നു.

**സാദൃശ്യകൽപന.**

-സൂര്യൻ-ദിവാകരൻ,പനിനീർപ്പൂവ്-നളിനി
-ഭൂരിബാഷ്പം-മഞ്ഞുതുള്ളി.

'പണ്ടു നിന്നെയൊരിളം കുരുന്നുതായ്
കണ്ടു ഞാൻ,സപദി വല്ലിയായി നീ.'

കുരുന്ന് (കുട്ടിക്കാലം),വല്ലി(യൗവനദശ)

**കാലികപ്രസക്തി**

'അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ.'

ഈ വരികളിലെ ആശയം പ്രയോജനപ്പെടുത്തി
ഉപന്യാസം ,പ്രസംഗം ,എഡിറ്റോറിയൽ എന്നിങ്ങനെ വ്യത്യസ്തമായ ചോദ്യങ്ങൾ
പ്രതീക്ഷിക്കാം.

ഉത്തരമെഴുതമ്പോൾ

കമാരനാശാന്റെ സ്നേഹം, തത്ത്വചിന്ത,
വരികളിലെ കാലിക പ്രസക്തി,
സമാന ആശയമുള്ള കവിതകൾ
എന്നിവ സുചിപ്പിക്കുക.

# 3.കടൽത്തീരത്ത്

മലയാളത്തിലെ മികച്ച കഥകളിലൊന്നാണ് ഒ വി വിജയന്റെ കടൽത്തീരത്ത് .പാഴുതറ എന്ന ഗ്രാമത്തിൽനിന്നും കോടച്ചി കൊടുത്തുവിട്ട പൊതിച്ചോറുമായി വെള്ളായിയപ്പൻ കണ്ണൂരിലേക്ക് യാത്ര പോകുന്നു.പാഴുതറ എന്ന ഗ്രാമത്തിന് വേണ്ടിയുള്ളയാത്ര.

**പ്രധാനകഥാപാത്രങ്ങൾ**

വെള്ളായിയപ്പൻ

കണ്ടുണ്ണി

കോടച്ചി

"ഗ്രാമത്തിലെ ഓരോ വാക്കും സാംസ്കാരികമായ ജീവൻ ഉള്ളതാണ്.പൊതുവായ ഓർമകളും വ്യക്തിപരമായ നിനവുകളും വാക്കുകളെ ജീവനുള്ളതാക്കി നിർത്തുന്നു."
(ഉൾക്കഥ) ഇ പി രാജഗോപാലൻ

**കഥയിലെ നിറസാന്നിദ്ധ്യങ്ങൾ**

കാററ്,മൗനം,കരിമ്പന,പുഴ,നടപ്പാത,പോതിച്ചോറ്-

**സവിശേഷതകൾ**

-പാഴുതറ എന്നഗ്രാമത്തിന് വെള്ളായിയപ്പനും കണ്ടുണ്ണിയുമായുള്ള ബന്ധം.

-വെള്ളായിയപ്പന്റെ വീട്ടിൽ നിന്നുന്നയർന്ന കൂട്ട നിലവിളി ഗ്രാമത്തിന്റെ തേങ്ങലാണ്.

-ഗ്രാമീണരുടെയും നഗരവാസികളുടെയും വാക്കുകളുടെ പ്രത്യേകത.

-വെള്ളായിയപ്പന്റെ നിസ്സഹായത.

-ധ്വനിസാന്ദ്രമായ സംഭാഷണങ്ങൾ.

-കഥയിലെ ഭാഷ- ഒതുക്കവും മിതത്വവും.

-പൊതിച്ചോറ് ബലിച്ചോറായി മാറുന്ന അവസ്ഥ.

**ഗദ്യഭാഷയുടെ സൗന്ദര്യം**

-ദു:ഖ സഞ്ചാരങ്ങളുടെ തഴമ്പായ ചവിട്ടടിപ്പാത

-കരിമ്പനപ്പട്ടകളിലെ കാററ് ദൈവസാന്ദ്രമായി

-പനമ്പട്ടകൾ സംസാരിക്കുന്നതുപോലെ

-വീടാത്ത കടങ്ങൾ ദൈവത്തിന്റെ സൂക്ഷിപ്പുകളാണ്.

-രണ്ട വാക്കകൾ മാത്രം.രണ്ടുവാക്കുകൾക്കിടയിൽ സാന്ത്വനത്തിന്റെ നിറവ്.

-രണ്ട വാക്കകൾ മാത്രം.രണ്ടുവാക്കുകൾക്കിടയ്ക്ക് ദു:ഖത്തിൽ മൗനത്തിൽ അച്ഛനും മകനും അറിവുകൾ കൈമാറി.

-രണ്ട ചിത്രങ്ങൾ,അവയ്ക്കിടയിൽ രണ്ട പേരുകൾക്കിടയിലെന്നപോലെ രണ്ട വാക്കുകൾക്കിടയിലെന്നപോലെ എന്തിന്റെയൊക്കെയോ നിറവ്.

**(പ്രയോഗത്തിന്റെ സവിശേഷസന്ദർഭങ്ങൾ ആവിഷ്കരിക്കണം)**

**ചോദ്യസാധ്യതകൾ**

-അപരിചിതന്റെ സംഭാഷണം കൊലക്കയറിനെപ്പോലെ-എന്ന് വിശേഷിപ്പിച്ചതിന്റെ ഔചിത്യം?

- പുഴയിലെ അനുഭവം വെള്ളായിയപ്പനെ തളർത്തി-കാരണം കണ്ടെത്തുക?

-നേരം പതുക്കെ പതുക്കെ വെളുത്തു.നേരം പതുക്കെ പതുക്കെ കനച്ചു.-പ്രയോഗ ഭംഗി?

-ഒരു പേററിച്ചിയെപ്പോലെതന്റെ മകന്റെ ദേഹത്തെ വെള്ളായിപ്പൻ ഏററുവാങ്ങി-അടിവരയിട്ട പ്രയോഗം സന്ദർഭത്തിന് എത്രമാത്രം അനുയോജ്യമാണ് ?

-കഥാപാത്ര നിരൂപണം -വെള്ളായിയപ്പൻ.

(സ്വഭാവം,കഥയിലെ സ്ഥാനം,നിലപാട്,സവിശേഷ മുഹൂർത്തങ്ങൾ,മററു കഥാപാത്രങ്ങളുമായുള്ള ബന്ധം)

-കടൽത്തീരത്ത് -കഥാസ്വാദനം /കഥാനിരൂപണം

(ശീർഷകം,കഥാപാത്രങ്ങൾ,പശ്ചാത്തലം,സവിശേഷ മുഹൂർത്തങ്ങൾ,ആഖ്യാന സവിശേഷത,സ്വന്തംനിരീക്ഷണം,താരതമ്യം,കാലികപ്രസക്തി)

# 3.സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ

മഹത്തായ സാഹിത്യം എഴുത്തുകാർ അനുഭവിക്കുന്ന ആത്മസംഘർഷങ്ങളുടെ സങ്കീർത്തനങ്ങൾ തന്നെയാണ്.ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥ,കുട്ടികൃഷ്ണമാരാരുടെ ഭാരതപര്യടനം,വിഖ്യാത റഷ്യൻ സാഹിത്യകാരനായ ദസ്തയേവ്സ്കിയുടെ ജീവിതത്തെ ആസ്പദമാക്കി പെരുമ്പടവം ശ്രീധരൻ രചിച്ച ഒരു സങ്കീർത്തനം പോലെ എന്നിവയിലെ ഏതാനും ഭാഗങ്ങളാണ് ഈ യൂണിററിലെ പാഠഭാഗങ്ങൾ.

**പ്രവേശകം**

കല ദീർഘവുംശാശ്വതവുമാണ്.

ജീവിതം നശ്വരവും സ്വപ്നതുല്യവുമാണ്.(ജർമൻ കവിയായ ഗോയ്ഥേ)

## 1.പ്രലോഭനം

പ്രലോഭനങ്ങൾക്ക് അടിമപ്പെടുന്ന യുവതലമുറ ജീവിതത്തിലെ മൂല്യങ്ങളും നൻമയും തിരിച്ചറിയാതെ പോകുന്നു.ദമയന്തിയുടെ സ്വയംവരത്തിൽ പങ്കെടുക്കാൻ കഴിയാത്ത കലി,നളദമയന്തിമാരെ തമ്മിലകററാൻ അനുജനായ പുഷ്ക്കരനെ പ്രലോഭിപ്പിക്കുന്നതാണ് പാഠസന്ദർഭം.ഇവിടെ ജളൻ എന്നാണ് പുഷ്ക്കരനെ വിശേഷിപ്പിക്കുന്നത് .ജളൻമാർ(ദുർബലൻമാർ) മാത്രമേ പ്രലോഭനത്തിന് അടിമപ്പെടുകയുള്ളൂ എന്ന തിരിച്ചറിവ് പാഠം മുന്നോട്ടുവെക്കുന്നു.

ആട്ടക്കഥാസാഹിത്യം,കഥകളി -വേഷങ്ങൾ,ചടങ്ങുകൾ എന്നിവയെക്കുറിച്ചുള്ള കേവലമായ അറിവുണ്ടാകണം.

**പുഷ്കരൻ**

-ഭൂമിയിലുള്ളവർ(പരിഷകൾ-വിഢ്ഢികൾ)നളനെചെന്നു കാണും.അവർക്കു വേണ്ടുന്ന കാര്യം നളൻ സാധിപ്പിക്കും.

-നമുക്ക് നാടും നഗരവുംകുടയും ചാമരവും ഇല്ല.

-വെറുതെ ഞാനെന്തിനാണ് പലവക കാര്യങ്ങൾ പറയുന്നത് ?

(അധികാരമോഹി,കടുത്ത നിരാശ)

**കലി**

-'നീ പഴുതേ ജൻമം നിഷ്ഫലമാക്കരുതേ'

-നളനെ ചൂതിന് വിളിച്ചുതോൽപ്പിച്ച് നാടുവാഴുക.

-ചൂതിനായി എന്നെ പണയം വെക്കുക

-ശത്രുവിന് ഞാൻ കലിയാണെങ്കിലും നിനക്ക് മിത്രമാണ്. നിനക്കു ഞാൻ രാജ്യം തരുന്നു.

**കഥകളിയിൽ നിന്നുവന്ന ചില ശൈലികൾ**

ശ്ലോകത്തിൽ കഴിക്കുക-ചുരുക്കിപ്പറയുക

വേഷം കെട്ടുക-സത്യം പ്രകടമാകാത്ത പെരുമാററം

ചെണ്ടകൊട്ടിക്കുക-കളിയാക്കുക

ശിങ്കിടി പാടുക-മററുള്ളവരോടൊപ്പം കൂടി അവരുടെ അഭിപ്രായങ്ങളെ പുകഴ്ത്തിപ്പറയുക

**ചോദ്യസാധ്യതകൾ**

- ശീർഷകത്തിന്റെ ഔചിത്യം
- പുഷ്കരന്റെ മാനസീകാവസ്ഥ
- നളനോടുള്ള പുഷ്കരന്റെ അസഹിഷ്ണുത കലി തിരിച്ചറിയുന്നതെങ്ങനെ ?
- ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ കലിയുടെ പ്രതികരണം വിശകലനം ചെയ്യുക.

## 2.യുദ്ധത്തിന്റെ പരിണാമം

മനുഷ്യ നിർമ്മിത ദുരന്തങ്ങളാണ് ഓരോയുദ്ധങ്ങളും.യുദ്ധം ഏതിന്റെ പേരിലായാലും അത് നാശത്തിലേ കലാശിച്ചിട്ടുള്ളൂ.യുദ്ധത്തിന്റെ ഇരകൾ അനുഭവിക്കുന്ന അന്ത:സംഘർഷങ്ങൾ വളരെ വലുതാണ്.ആയുധം കൊണ്ട് എല്ലാം പരിഹരിക്കാമെന്ന ധാരണ തെററാണ്.മനുഷ്യനെ കൊല്ലാനുള്ള ആയുധങ്ങളല്ല,ജീവിപ്പിക്കാനുള്ള അന്നമാണ് വേണ്ടത്.

മനുഷ്യചരിത്രത്തിൽ യുദ്ധം വരുത്തിവെക്കുന്ന ഭയങ്കര ദുരന്തത്തെ എടുത്തു കാണിപ്പാൻ വേണ്ടിയാണ് ഭാരതേതിഹാസം രചിക്കപ്പെട്ടത്.യുദ്ധത്തിനെതിരെയുള്ള ശക്തമായ ചിന്തയാണ് മഹാഭാരതത്തെ അവലംബിച്ച് കുട്ടികൃഷ്ണമാരാർ എഴുതിയ ഭാരതപര്യടനത്തിലെ ഈ ലേഖനം.

**പ്രധാന സന്ദർഭങ്ങൾ**

- വല്ലപാടും വിജയം നേടിയവരാണ് പാണ്ഡവർ
- 'ഇതുതന്നെയാണ് മനുഷ്യന്റെ വിധി.രാജാവായിട്ടും ഞാൻ വീണു.'-ദുര്യോധനന്റെ വാക്കുകൾ.
- കാലനെപ്പോലെയുള്ള അശ്വത്ഥാമാവിന്റെ പെരുമാററം.
- ഗുരുഘാതികൾക്കു കുലപാംസനാ ലോകങ്ങളില്ല.(ദ്രോണരെക്കൊന്ന ധൃഷ്ടദ്യുമ്നനെ ആയുധം കൊണ്ട് കൊന്നാൽ സ്വർഗം ലഭിക്കും.ഇത് അർഹിക്കുന്നില്ല- അശ്വത്ഥാമാവ്)
- ഭാരതമാകട്ടെ നടന്ന കഥ മാത്രമല്ല ,നടക്കാനിരിക്കുന്ന കഥ കൂടിയാണ്.
- പ്രമാദം തന്നെ പ്രമാദത്തിൽ കവിഞ്ഞ ഒരുകൊല ജീവിതത്തിലില്ല.(പ്രമാദം-ശ്രദ്ധയില്ലായ്മ)
- "സമുദ്രം താണ്ടി സമ്പാദ്യവും കൊണ്ടുവരുന്ന കച്ചവടക്കാരൻ ഒരുകൈത്തോട്ടിൽ വെച്ച് മുങ്ങിപ്പോയി."-പ്രയോഗ സവിശേഷത

**ചോദ്യസാധ്യതകൾ**

കഥാപാത്ര സവിശേഷതകൾ-ദുര്യോധനൻ,അശ്വത്ഥാമാവ്

"യുദ്ധങ്ങളെല്ലാം സർവ്വനാശത്തിലേക്ക് നയിക്കുന്നു."-ഉപന്യാസം,പ്രസംഗം,എഡിറ്റോറിയൽ

സമസ്തപദങ്ങൾ-വിഗ്രഹാർത്ഥം

ഗജാശ്വരഥം-ഗജം അശ്വം രഥം,യഥേഷ്ടം-ഇഷ്ടംപോലെ

തദ്ധിതരൂപങ്ങൾ(നാമങ്ങളിൽ നിന്നോ ഭേദകങ്ങളിൽ നിന്നോ ഉണ്ടായ നാമങ്ങൾ)

| | | |
|---|---|---|
| കേമം-കേമത്തം | ഭീമൻ-ഭൈമി | ദ്രോണർ-ദ്രൗണി |
| കള്ളം-കള്ളത്തരം | സുമിത്ര-സൗമിത്രി | |

## 3.ആത്മാവിന്റെ വെളിപാടുകൾ

ദസ്തയേവ്സ്കിയുടെ ജീവിതത്തെ ആസ്പദമാക്കി പെരുമ്പടവം ശ്രീധരൻ രചിച്ച ഒരു സങ്കീർത്തനം പോലെ എന്ന നോവലിലെ ഏതാനം ഭാഗം.റഷ്യൻ സാഹിത്യകാരൻ,ചൂതുകളിയിൽ ഭ്രമം. തന്റെ കൃതികൾ മുഴുവൻ പണയപ്പെടുത്തി.പുതിയ കൃതിയുടെ അവകാശവുംവിറ്റു.അന്ന എന്ന സ്റ്റെനോഗ്രാഫറും അവളുടെ സ്നേഹ പരിചരണത്താൽ നോവൽ പൂർത്തിയാക്കാൻ ശ്രമിക്കുന്ന നോവലിസ്ററുമാണ് പാഠഭാഗത്ത്.

**പാഠഭാഗം നൽകുന്ന സന്ദേശം**

- ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാൻ പഠിപ്പിക്കുകയാണ്.
- ജീവിതത്തെ പ്രസന്നതയോടെ നോക്കിക്കാണണം.
- ഉപദേശത്തിന്റെ കുറവുകൊണ്ടല്ല ആളുകൾ ചീത്തയാകുന്നത്.
- തീക്ഷ്ണമായ അനുഭവം കൂടി ചേർന്നാലേ ജീവിതം നേർവഴിക്കു നയിക്കപ്പെടൂ

**ദസ്തയേവ്സ്കി-ജീവിതത്തിന്റെ അനുഭവ തലം**

- വഴിയരികിൽ വലിച്ചെറിയപ്പെട്ട ഒരു പാറക്കഷണം പോലെ.
- ജീവിതം വെറുമൊരു പേക്കിനാവായിത്തീർന്നു.

- വയ്യാവേലികൾ വെച്ചുതലയിൽ വെക്കുന്നത് ഒരു മനോരോഗമാണ്.
- സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർത്ഥത്തിൽ ജീവിതമാണോ ?
- ആത്മക്ഷതങ്ങൾ സ്വന്തം കഥാപാത്രങ്ങൾക്കു വീതിച്ചു കൊടുക്കുന്നു.

**ദസ്തയേവ്സ്കി-മേരിയ**

അത്ര ഗംഭീരമായ ഒരുസ്നേഹത്തിൽ നിന്നാണ് ഞങ്ങൾ ഞങ്ങളുടെ ജീവിതം തുടങ്ങിയത്.
എന്റെ ജീവിതം അവൾ ഏതോ ശാപം കൊണ്ട് നിറക്കുകയായിരുന്നു.
ഞാൻ എന്റെ ജീവിതത്തിൽ കണ്ടിട്ടുള്ള ഏററവും നല്ല സ്ത്രീ .

നിലമുഴുന്നതുപോലെയോ
പാറപൊട്ടിക്കുന്നതുപോലെയോ അല്ല.
സർഗരചന, ആത്മാവിന്റെ ഒരു വെളിപാടാണ്.

**ചോദ്യസാധ്യതകൾ**

**സന്ദർഭം കണ്ടെത്താം**

- "അവൾ പോയിക്കഴിഞ്ഞപ്പോഴാണ് ശവക്കുഴിയിൽ അവളോടൊപ്പം എന്താണ് അടക്കിയതെന്ന് ഞാൻ അറിയുന്നത്."
- "എന്റെ പീഡാനുഭവങ്ങളെ സ്നേഹിക്കാൻ ഞാൻ പഠിച്ചുകഴിഞ്ഞു."
- "ആ ചരടുകളെല്ലാം കൂടി കെട്ടുപിണഞ്ഞ്,ആകെട്ടുകളിൽ കുടുങ്ങിക്കിടന്ന് എന്റെ ജീവിതം പിടയുന്നു."
- "നീ എന്റെ ഹൃദയത്തിനകത്താണോ നിൽക്കുന്നത് ?"
  (നോവലിലേക്കു പ്രവേശിക്കുമ്പോൾ ദസ്തയേവ്സ്കി അനുഭവിക്കുന്ന ആത്മസംഘർഷം ആ മനസ്സിന്റെ സുതാര്യതയിലൂടെ അന്നയ്ക്ക് കാണാമായിരുന്നു. )
- എഴുത്തുതാരുടെ രക്തം ഊററിക്കുടിക്കുന്ന അട്ട.(സ്റ്റെല്ലോ വ്സ്കി)

നോവൽ രചനയിൽ അന്നയുടെ സ്വാധീനം.
ദസ്തയേവ്സ്കി അനുഭവിക്കുന്ന ആത്മസംഘർഷം.
കഥാപാത്ര നിരൂപണം-ദസ്തയേവ്സ്കി /അന്ന.

## 4.വാക്കുകൾ സർഗതാളങ്ങൾ

**പ്രവേശകം**

"ആ പ്രായത്തിലാണ് എന്നെത്തേടി കവിത വന്നത്"

-പാബ്ലോ നെറൂദ.

സർഗരചന പ്രവചനാതീതമാണ്.
പ്രായമോ ദേശമോ കാലമോ രചനകൾക്ക് തടസ്സമാകുന്നില്ല.

### 1.അക്കർമാശി

അക്കർമാശി എന്നാൽ പതിനൊന്നു മാസ.പന്ത്രണ്ടു മാസയാണ് ഒരുതോല (തൂക്കം).അപൂർണരാണ് അക്കർമാശിക്കാർ.അർദ്ധജാതിയിൽ ജനിച്ച ശരൺകുമാർ ലിംബാളെ ഇരുപ്പത്താഞ്ചാം വയസ്സിൽ രചിച്ച ആത്മകഥ- അക്കർമാശി .ദുരിത പൂർണമായ ദളിത് ജീവിതത്തിന്റെ നേർച്ചിത്രം.

**വിശപ്പാണ് തൂക്കിനോക്കേണ്ടത്**

- വഴിമുട്ടിയ ശാന്താആത്യയുടെയും കുമാർമാമയുടെയും ജീവിതങ്ങൾ
- ചവർക്കൂമ്പാരങ്ങളിലെ മിഠായിക്കടലാസ് കൊതിയോടെ നോക്കി.
- കീറക്കടലാസുകൾ ഒരുവശത്തും നിത്യസുഹൃത്തായ വിശപ്പ് മറുവശത്തും
- ചപ്പുചവറുകൾക്കുപകരം തൂക്കിനോക്കേണ്ടത് വിശപ്പാണ്.
- ചവറിന്റെ തൂക്കവും വിലയുമില്ലാത്ത മനുഷ്യർ

**വിദ്യാലയാനുഭവം**

- 'മഹർ' ജാതിയായതിനാൽ വാറുപൊട്ടിയ ചെരുപ്പ് തുന്നാൻ കൂട്ടാക്കാത്ത ചെരുപ്പുകുത്തി.
- ഈ കുട്ടി ലിംബാളെ കാണിച്ച സത്യസന്ധതയുണ്ടല്ലോ,അത് ഈ ക്ലാസിലെ മുഴുവനും വിജയമാണ്.

**ചോദ്യസാധ്യതകൾ**

- ലിംബാളെയുടെ ജീവിത പശ്ചാത്തലം
- 'നൻമയുടെ മൂർത്തിയായ ഒരു ശുദ്ധാത്മാവിനെ സൃഷ്ടിച്ചെടുക്കുകയാണ് എന്റെ ലക്ഷ്യം.'- വാക്യത്തിലെ ജീവിത ദർശനം
- 'സത്യസന്ധത ആനന്ദം പ്രദാനം ചെയ്യുന്നു.'- എന്ന നിരീക്ഷമത്തിന്റെ പൊരുൾ.
- ഉപന്യാസ രചന (സാമൂഹിക ജീവിതം,ജീവിത മൂല്യങ്ങൾ)

## 2.ഞാൻ കഥാകാരനായ കഥ

എസ്.കെ പൊററക്കാടിന്റെ ഒരു അനുഭവക്കുറിപ്പ്

ഞാൻ കഥാകാരനായതെങ്ങനെയെന്ന് വിവരിക്കുന്നതാണ് പാഠഭാഗം

**പാഠസന്ദർഭം**

- അക്ഷരജ്ഞാനമില്ലാത്ത വൃദ്ധമാതാവിന്റെ നിസ്സഹായത.
- മുക്കാലും കുരുടിയായ മുത്തിത്തള്ള ചെറുകഥാരചനയിൽ എന്റെ ആദ്യ ഗുരുനാഥയാണ്.
- അതെല്ലാം എരിവും പുളിയുംചേർത്ത് പകർത്തി അയച്ച 'ഷ്കോൾക്കുട്ടി'.

**ചോദ്യസാധ്യതകൾ**

- 'കുറ്റം പിടിച്ച പട്ടി'യെപ്പോലെ ആട്ടിപ്പായിച്ചു.-പ്രയോഗത്തിന്റെ ഔചിത്യം
- എരിയുന്ന നെഞ്ചും പൊരിയുന്ന വയറുമായി നരകിക്കുന്ന ഒരു ദരിദ്രമാതാവിന്റെ അന്ത്യകാലത്തെ കുറഞ്ഞൊന്ന് ആസ്വദിക്കാം.

  -കഥാകൃത്തിന്റെ നിരിക്ഷണത്തിന്റെ പൊരുൾ ?
- സ്വന്തം വകയായി ചില 'സരസ്വതീ വിലാസങ്ങളും' ചേർത്ത് ഞാൻ ആ മടയനായ മകന് തുടരെത്തുടരെ കത്തുകൾ എഴുതി അയച്ചു.-സരസ്വതീ വിലാസങ്ങൾ എന്ന പ്രയോഗം സൂചിപ്പിക്കുന്നത് ?

## 3.അശ്വമേധം

വയലാർ രാമവർമയുടെ കവിത.
അശ്വം-കുതിര-സർഗശക്തി
വിശ്വസംസ്ക്കാര വേദിയിൽ നടത്തുന്ന അശ്വമേധത്തിനായി
സർഗശക്തിയാകുന്ന കുതിരയെ കവി വിട്ടയക്കുന്നു.

ലോകത്തെ വിജയിച്ച കാവ്യമറിയാവുന്ന തന്റെ പൂർവ്വികരായ എഴുത്തുകാരിൽ നിന്നും കവി തന്റെ സർഗശക്തി രൂപപ്പെടുത്തുന്നു.കവിക്ക് തിരിച്ചറിവുള്ള കാലം മുതൽ മനുഷ്യത്വമുള്ള സംസ്കാര ശിൽപികളിൽ നിന്നും അശ്വത്തെ (സർഗശക്തി)നേടുന്നു.സാമൂഹ്യബോധത്തോടെ,ചൈതന്യവത്തായ പച്ചമണ്ണിൻ മനുഷ്യത്വമുള്ള കവി തന്നെയാണ് അശ്വരക്ഷിതാവ്.

- അശ്വത്തെ പിടിച്ചുകെട്ടിയവർ മാനവ പരോഗതിക്കു തടസ്സം നിൽക്കുന്നവർ തന്നെ.
- സർഗശക്തിയുടെ വളർച്ച ഉൻമേഷം ഉത്സാഹം എന്നിവ കുതിച്ചുപായുന്ന ചെമ്പൻ കുതിരയുടെ കണ്ണുകളിലും കാതുകളിലും കാണാം.

- കാട്ടിനുള്ളിൽ വസിച്ച അപരിഷ്കൃതനായ മനുഷ്യൻ ,ഇന്ന് നേടിയ എല്ലാ പുരോഗതിയും-സാഹിത്യം,കല,സംസ്കാരം,ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ തുടങ്ങിയ മാനവ പുരോഗതിക്കു വേണ്ടിയുള്ള എല്ലാപ്രവൃത്തികളും സർഗശക്തിതന്നെ.

**ചോദ്യസാധ്യതകൾ**

പ്രയോഗസവിശേഷതകൾ

- ദൈവം കടിഞ്ഞാണുമായി വന്നു കൊണ്ടുപോയി (സാഹിത്യത്തിലെ ദേവതാ സ്തുതികളും ഭക്തിയും)
- പച്ചമണ്ണിന്റെ മനുഷ്യത്വം(മാനവരാശിയെ മുന്നോട്ട് നയിക്കുന്ന സാധാരണ മനുഷ്യർ)
- ദൃപ്തരാഷ്ട്രപ്രതാപങ്ങൾ(പ്രതാപത്തിൽ അഹങ്കരിച്ച രാഷ്ട്രങ്ങൾ)
- മുത്തണിക്കൂണുകൾ(അധികാരത്തിന്റെ ചിഹ്നമായ വെൺകൊററക്കുട)
- ആഗമതത്ത്വവാദികൾ(ഋഷിമാരും ബ്രാഹ്മണരും യോഗദണ്ഡിൽ സാഹിത്യത്തെ തളച്ചിട്ടു)

# 5.കലകൾ കാവ്യങ്ങൾ

കലകളിൽ നിന്നും കാവ്യങ്ങൾ രൂപപ്പെടാറുണ്ട്.കലകൾ നിശ്ചലമാണ്.കാവ്യങ്ങൾ ചലനാത്മകമാണ്.വിൻസെന്റ് വില്ലെം വാൻഗോഗിന്റെ പൊട്ടറ്റോ ഈറ്റേഴ്സ് എന്നചിത്രത്തിന് സുഭാഷ്ചന്ദ്രൻ എഴുതിയ 'ഉരുളക്കിഴങ്ങുതിന്നുന്നവർ' എന്ന കഥ. ലാസ്ലോടോത്ത് എന്ന ചെറുപ്പക്കാരൻ മൈക്കലാഞ്ചലോയുടെ 'പിയത്ത' എന്ന ശില്പത്തെ തകർത്തപ്പോൾ മനം നൊന്ത കവിഹൃദയത്തിന്റെ പ്രതികരണമാണ് ഒ എൻ വി കുറുപ്പ് എഴുതിയ'മൈക്കലാഞ്ചലോ മാപ്പ് ' എന്ന കവിത.

## 1.ഉരുളക്കിഴങ്ങ് തിന്നുന്നവർ

പൊട്ടറ്റോ ഈറ്റേഴ്സ് എന്നചിത്രത്തിൽന്നുംകഥയിലേക്ക്....

സമയസുചന(പ്രകാശിക്കുന്ന തൂക്കു വിളക്ക്-രാത്രി)മനുഷ്യർ(5 കഥാപാത്രങ്ങൾ),വേഷം(തണുപ്പുകാലത്തെ വേഷങ്ങൾ),സാമൂഹികാവസ്ഥ(ദാരിദ്ര്യം,തോഴിലില്ലായ്മ,ദു:ഖം നിരാശ...)

**ആഖ്യാന സവിശേഷത**

- ഖനികളും മഞ്ഞും നിറഞ്ഞ പാശ്ചാത്യദേശം.
- ദാരിദ്ര്യം, അപകടകരമായ തൊഴിൽ സാഹചര്യം.
- ഖനിയിലെ അപകടത്തിൽ മരിച്ച കുടുംബനാഥന്റെ അഭാവം.

**കഥാപാത്രങ്ങൾ**

| കിഴവൻ മിറൽ | ജൂലിയാന |
|---|---|
| മാനസിക സംഘർഷം | നിസ്സഹായത |
| വാർദ്ധക്യത്തിന്റെ അവശത | മനോവേദന,സങ്കടം |

**ആഖ്യാന സവിശേഷതകൾ**

- മഞ്ഞും തിമിരവും ചേർന്ന് ഇതളുകൾ നൽകിയ വെളിച്ചത്തിന്റെ ഒററ ബിന്ദു.
- ഭർത്താവിന്റെ ഇരിപ്പിടത്തിൽ താൻ ഉറങ്ങുപോകുന്നതായി തോന്നി.
- വർഷങ്ങളുടെ മാറാലയും അഴുക്കും ദു:ഖവും അടിഞ്ഞ് മ്ലാനമായ..
- ഘടികാരത്തിൽ നിന്നു സമയം തുള്ളിയായി.
- ശീതകാലത്തിന്റെ പ്രഭാതത്തെ കീഴ്പെടുത്തുന്ന ഒരു തീക്കനൽ.
- കഥാന്ത്യം നൽകുന്ന സൂചനകൾ

## 2.മൈക്കലാഞ്ചലോ മാപ്പ്

കവികളുടെയും കലാകാരൻമാരുടെയും മാനവികത സഞ്ചരിക്കുന്നത് തെററു ചെയ്യുന്നവരോട് പൊറുക്കുക എന്ന സ്നേഹപഥത്തിലൂന്നിയാണ്.ഉദാത്തമായ മാനവികതയ്ക്ക് ഉജ്ജ്വലമായ ഒരു അടയാളമാണ് 'മൈക്കലാഞ്ചലോ മാപ്പ് '

'പിയത്ത' -ലോകത്തിലെ ഏററവും മഹത്തായ മൈക്കലാഞ്ചലോയുടെ കലാസൃഷ്ടി.1972 ൽ ലാസ് ലോടോത്ത് എന്ന ചെറുപ്പക്കാരൻ ഈ ശില്പത്തെ തകർത്തപ്പോൾ മനംനൊന്ത കവിഹൃദയത്തിന്റെ അനശ്വരസൃഷ്ടി .ഒ എൻ വി കുറുപ്പ് എഴുതിയ'മൈക്കലാഞ്ചലോ മാപ്പ് '

ദു:ഖത്തിൻ സൂര്യശില-മറിയത്തിന്റെ സങ്കടം
ലില്ലിപ്പൂവിൽ ശോണരേഖകൾ-യേശുവിന്റെ ശരീരത്തിലെ മുറിപ്പാടുകൾ
മുത്ത്-യേശുക്രിസ്തു
പാഴ്ചിപ്പി-മകൻ നഷ്ടപ്പെട്ട മറിയം
കരിവണ്ടാകുന്ന ചുററിക-ശിൽപ നിർമാണത്തിന്റെ സൂക്ഷ്മത.
കരുണ-പിയത്ത

ചരിത്രത്തിന്റെയും സമൂഹത്തിന്റെയും മാതൃത്വത്തിന്റെയും വിശ്വാസത്തിന്റെയും അടയാളങ്ങളെ തകർത്തെറിയുമ്പോൾ ഉണ്ടാകുന്ന മനോവേദന.ഉറങ്ങുവാൻ പോലും ഡ്രഗ്ഗുകൾ തേടിപ്പോകുന്ന പുതിയകാലത്തിന്റെ രൗദ്രഭാവം-ഇത് മാനുഷിക മൂല്യങ്ങളെയും ധർമങ്ങളെയും നീതിന്യായങ്ങളെയും തച്ചുടക്കുന്നു.നൻമകളെ തച്ചുടക്കുന്ന ആസുരകാലം പിറന്നു കഴിഞ്ഞു.ഇവർ ചെയ്യുന്നതെന്താണെന്ന് ഇവർ അറിയുന്നില്ല എന്ന യേശുവിന്റെ പ്രാർത്ഥന കവി ഏററു ചൊല്ലുന്നു.

ശിൽപനിർമ്മാണം-മനോഹരമായ ശിൽപം തീർത്ത ശിൽപിക്കു നന്ദി പറയുന്ന കവി
ശിൽപഭഞ്ജനം-ശിൽപിയോട് മാപ്പ് അപേക്ഷിക്കുന്ന കവി

**ചോദ്യസാധ്യതകൾ**

പ്രയോഗസവിശേഷതകൾ

- സൂര്യശിലയായിത്തീർന്നോരമ്മ
- ഒരു വെൺലില്ലിപ്പൂവിൻ ശോണരേഖകൾ പോലെ
- പാഴ്ചിപ്പിയുടെ മൂകസങ്കടം
- ചുററികയൊരു കരിവണ്ടുപോൽ ചുററിപ്പറന്നു.

ഇടിവെട്ടുമ്പോലൊരു ചുററിക മുട്ടും ശബ്ദം.
തച്ചുടയ്ക്കുവാൻ മാത്രം ചുററികയെടുത്തൊരു പയ്യൻ.

വ്യത്യസ്ത സന്ദർഭങ്ങളിൽ ചുററിക എന്ന പദത്തിന്റെ അർത്ഥ സാധ്യത.